DESPATCHED
On... 08/06/ 2020

17-3-2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP.1407*(2)/2018*/*എസ്.ഐ.സി***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.5452/*എസ്.ഐ.സി-ജി 6/18*

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

കെ.ഗംഗാധരൻ
സന്ധ്യാസദനം,
തുമ്പോട്, ബാലരാമപുരം
തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരി

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ഓഫീസ്
വെടിവച്ചാൻകോവിൽ
ബാലരാമപുരം
തിരുവനന്തപുരം-695501

2. അപ്പീൽ അധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്.പി.ഒ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി<br>6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.03.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 09.04.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.05.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 24.05.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.11.2018, 17.06.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30.11.2018, 19.01.2019,<br>02.07.2019, 29.10.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.10.2019, കമ്മീഷൻ ആസ്ഥാനം,തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 12.03.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ പ്രവർത്തിച്ചിരുന്ന 93-ാം നമ്പർ അംഗൻവാടി CPWP കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത കെട്ടിടം അപകടാവസ്ഥയിലായതിനാൽ കെട്ടിടം പുതുക്കിപ്പണിയുന്നതു വരെ വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയെന്നും എന്നാൽ പുതുക്കിപ്പണി പഞ്ചായത്ത് നടത്താത്തതിനാൽ, പഞ്ചായത്ത് ഓംബുഡ്സ്മാനിൽ കേസ് നടക്കുന്നതായി അറിയാമോ എന്നും, ഇനം 2 ൽ ഹർജിക്കാരൻ 27.01.2018 ല് വിവരാവകാശം ചോദിച്ചതിൽ 93-ാം നമ്പർ അംഗൻവാടിയുടെ ഉടമസ്ഥാവകാശം ശ്രീമതി ശാന്ത, ശ്രീ.ചന്ദ്രദാസ് എന്നിവർക്കാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തുവെന്നും, ടി റിപ്പോർട്ടിന്റെ പകർപ്പും നൽകണമെന്നും ആയി 3 ഇനങ്ങളിലുള്ള വിവരങ്ങളാണ്

3. മേൽപ്പടി അപേക്ഷയ്ക്ക് ശിശുവികസന പദ്ധതി ഓഫീസർ മറുപടി നൽകി. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 09.04.2018 തീയതി ജില്ലാ ആഫീസർ, സാമൂഹ്യനീതി ജില്ലാ ഓഫീസിനു മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും റിപ്പോർട്ട് സൂപ്പർവൈസർ നൽകിയിട്ടില്ലെന്നു പറയുന്നത് ശരിയല്ലെന്നും, ചോദ്യങ്ങൾക്ക് ശരിയായ മറുപടി നൽകണമെന്നുമാണ്.

4. 17.06.2019 ന് കമ്മീഷനിൽ നിന്നും 16.07.2019 ന് ഹിയറിംഗിന് ഹാജരാകാനായി ശിശുവികസന പദ്ധതി ആഫീസർക്കും, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ യ്ക്കും കത്ത് നൽകിയെങ്കിലും ശിശുവികസന പദ്ധതി ആഫീസർ മാത്രം ഹാജരാകുകയും അഭിപ്രായം അറിയിക്കുകയും, 02.07.2019 ന് ലഭിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരൻ പള്ളിച്ചൽ പഞ്ചായത്ത് ഓഫീസിൽ നൽകിയ

വിവരാവകാശത്തിനാണ് സെക്ടർ സൂപ്പർ വൈസർ മറുപടി നൽകിയതെന്നും, ടിയാൻ ഐ.സി.ഡി.എസ് നേമം ഓഫീസിൽ നൽകിയ അപേക്ഷയ്ക്കും മറുപടി നൽകിയിട്ടുണ്ടെന്നും, 93-ാം നമ്പർ കെട്ടിടത്തെപ്പറ്റിയുള്ള റിപ്പോർട്ട് തിരുവനന്തപുരം പ്രോഗ്രാം ഓഫീസർക്ക് അയച്ചിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് ഹാജരാക്കുന്നുവെന്നുമാണ്. ആയതിൽ അറിയിച്ചത്, 93-ാം നമ്പർ അങ്കണവാടി 01.01.1977 മഹിളാ സമാജത്തിനു കീഴിലുള്ള ബാലവാടിയായിയും തുടർന്ന് 1985 മുതൽ ഐ.സി.ഡി.എസിന്റെ കീഴിലുള്ള അങ്കണവാടിയായും പ്രവർത്തിക്കുന്നുവെന്നും, ശ്രീ. പത്മനാഭൻ നാടാരുടെ പേരിലുള്ള ടി സ്ഥലം വനിതാസമാജത്തിനു വേണ്ടി തന്റെ മരുമകളായ ശാന്തയ്ക്ക് എഴുതി നൽകിയതാണെന്നും, ബാലവാടി അങ്കണവാടിയായപ്പോൾ സമഗ്ര മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെ പ്രവർത്തകർക്ക് മുൻഗണന നൽകണമെന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ശാന്ത 93-ാം നമ്പർ അംഗനവാടിയുടെ ടീച്ചറാകുകയും, 31.08.2010 ൽ വിരമിക്കുകയും ചെയ്തുവെന്നും, ടി കെട്ടിടം നശി ക്കാറായതിനെത്തുടർന്ന് പുതുക്കിപ്പണിയാനായി 10-ാം വാർഡിലെ ഒരു വാടക കെട്ടിടത്തിലേയ്ക്ക് മാറുകയും ഇപ്പോഴും വാടക എഗ്രിമെന്റ് വച്ച് വാടക കൈപ്പറ്റുന്നതുമാണെന്നും, ടി കെട്ടിടത്തിന്റെ പണി കഴിഞ്ഞിട്ടും, അങ്ങോട്ട് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കാണുന്നില്ലെന്നും, എന്നാൽ ടി കെട്ടിടം പുതുക്കിപ്പണിഞ്ഞത് പഞ്ചായത്തല്ലെന്നും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച ഫയലുകൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും മറ്റുമാണ്.

5. 16.07.2019 ന് ഹിയറിംഗിന് ഹാജരാകാത്തതിന് പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒയ്ക്ക് 28.10.2019 ന് കമ്മീഷൻ മുമ്പാകെ ഹാജരാകുവാൻ ഷോക്കോസ് നോട്ടീസ് അയയ്ക്കുകയും ടിയാൻ ഹാജരാകുകയും, നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ വിശദമായ ഒരു റിപ്പോർട്ട് 10 ദിവസത്തിനുള്ളിൽ ഹാജരാക്കുവാൻ കമ്മീഷൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിൻപ്രകാരം 29.10.2019 ന് എസ്.പി.ഐ.ഒ റിപ്പോർട്ട് സമർപ്പിക്കുകയും ആയതിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ 93-ാം നമ്പർ അംഗനവാടി കെട്ടിടം പള്ളിച്ചൽ പഞ്ചായത്തിന്റെ രേഖകളിൽ വടക്കേവിള 10-ാം വാർഡ് പിപി 10/697 നമ്പറായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ പ്രസ്തുത കെട്ടിടത്തിൽ അംഗനവാടി പ്രവർത്തിക്കുന്നതില്ലെന്ന് നേരിൽ ബോധ്യപ്പെട്ടിട്ടുള്ളതും, 93-ാം നമ്പർ അംഗനവാടി നിലവിൽ വാടക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നതെന്നും, ടി സ്ഥലം രേഖകൾ പരിശോധിച്ചിതിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആധാരം രജിസ്റ്റർ ചെയ്തതായി കാണുന്നില്ലെന്നും, റീസർവ്വേ 509/5-7 ൽ ടി സ്ഥലം തിട്ടവേലിക്കര

വനിതാസമാജം സെക്രട്ടറി ജാനകി മകൾ ശാന്ത എന്ന പേരിലാണ് വില്ലേജിൽ കരം തീർത്തുവരുന്നതുമാണെന്നാണ്.

6. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച 29.10.2019 ലെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങളെല്ലാം ശിശുവികസന പദ്ധതി ആഫീസറും, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ യും നൽകിയതായി കാണുന്നതിനാലും ടി ഹർജിയിൽ തുടർനടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res